**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 738** **10-02-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ വായ്പ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തരം സഹകരണ ബാങ്കുകളിലെ വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തിയ ധാരാളം പേർക്ക് വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ മൂലം സമാശ്വാസം ലഭിക്കുന്നുണ്ടെങ്കിലും ചില ബാങ്കുകളുടെ പെരുമാറ്റം പൊതുജനങ്ങളിൽ ഭീതി ഉളവാക്കുന്നത് ഒഴിവാക്കാൻ ബാങ്കുകൾക്ക് നിർദ്ദേശം കൊടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ; | (എ) | കോവിഡാനന്തരം സഹകരണ ബാങ്കുകളിലെ വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തിയവർക്ക് സമാശ്വാസം ലഭിക്കുന്നതിലേക്കായി കുടിശ്ശിക നിവാരണ പദ്ധതി ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ സഹകരണ വകുപ്പ് ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ഏതെങ്കിലും ബാങ്കുകളിൽ നിന്ന് പൊതുജനങ്ങൾക്ക് ഭീതി ഉളവാക്കുന്ന തരത്തിലുള്ള പെരുമാറ്റം ഉള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംഘങ്ങളിലെ ഇടപാടുകാരോട് അനുഭാവപൂർവ്വം പെരുമാറുന്നതിനുള്ള നിർദേശം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ നടത്തുന്ന സംഘം സെക്രട്ടറിമാരുടെ അവലോകന യോഗങ്ങളിൽ നൽകി വരുന്നുണ്ട്. |
| (ബി) | വായ്പ തിരിച്ചടവ് ദീർഘിപ്പിക്കാമെന്ന് പറഞ്ഞ് ചില ഏജൻസികൾ ഇത്തരം കടക്കാരെ സമീപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രാഥമിക സഹകരണ സംഘം/ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്ക് വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കുവാൻ സാധിക്കാതെ വന്നാൽ വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ കാലാകാലങ്ങളിൽ നവകേരളീയം കുടിശ്ശികനിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ